

'അവൻ അവരോടുകൂടി താമസിക്കാൻ കയറി' (ലൂക്കാ 24:29)

## ജനുവരി 2014: വിചിന്തനം: (ലൂക്കാ 24:13-35)

എമ്മാവൂസിലേക്കുള്ള പാതയിൽ നാം കണ്ടുമുട്ടുന്നത് ദു:ഖിതരായി നടന്നു പോകുന്ന രണ്ടു വ്യക്തികളെയാണ്. അവരോടൊപ്പം നമ്മെത്തന്നെയോ നമുക്ക് പരിചിത രായ ചിലരെയെങ്കിലുമോ നാം കണ്ടുമുട്ടിയേക്കാം. ഈ ലോകജീവിതത്തിന്റെ സഹന ങ്ങളിലും ഞെരുക്കങ്ങളിലും ഓരോ മനുഷ്യനും അല്പം ഭേദപ്പെട്ട ഒരവസ്ഥയ്ക്ക് വേണ്ടി കൊതിക്കാറുണ്ട്, ഒരു ശാശ്വത മോചനം പ്രതീക്ഷിക്കാറുണ്ട്. ആദിശിഷ്യൻമാർ തങ്ങളുടെ പ്രത്യാശ നഷ്ടപ്പെട്ടതുകൊണ്ട് ദു:ഖിതരായി നിന്നുപോയി.

ഈ അവസ്ഥയിലേക്കാണ് അവരേയും നമ്മേയും നമ്മുടെ സുഹൃത്തുക്ക ളേയും കണ്ടുമുട്ടാൻ ഈശോ കടന്നുവരുന്നത്. നമ്മെ ആശ്വസിപ്പിക്കാൻ എന്താണ് അവി ടുത്തേക്ക് പറയാനുള്ളത്? സൃഷ്ടിയുടെ ആരംഭം മുതൽ ദൈവം സകല മനുഷ്യരോടും പറയുന്ന അതേ സന്ദേശമാണ് യേശുവും നമ്മോടു പറയുന്നത്. ദൈവത്തിന്റെ അചഞ്ചല മായ സ്നേഹത്തെക്കുറിച്ചു തന്നെ. പഴയ നിയമം പഠിക്കുമ്പോൾ നമ്മൾ ഇത് വ്യക്തമായി മനസ്സിലാക്കും. ദൈവം പിതാക്കൻമാരിലൂടെയും പ്രവാചകരിലൂടെയും വെളിപ്പെടുത്തു ന്നത് അവിടുന്ന് വിദൂരസ്ഥനായ ഒരു ദൈവമല്ല മറിച്ച് സ്ഥിരസാന്നിദ്ധ്യമായ, നമ്മോടൊപ്പ മുള്ള ദൈവമാണെന്നാണ്.

യേശു ഇത് അവർക്ക് പറഞ്ഞുകൊടുക്കുന്നത് ദൈവവചനം വിശദീകരിക്കു ന്നതു വഴി മാത്രമല്ല ദൈവീക വെളിപാടുകൾ മുഴുവൻ തന്നിലേക്കാണ് വിരൽ ചൂണ്ടുന്ന തെന്ന് കാണിച്ചുകൊണ്ടാണ്. എഴുതപ്പെട്ട വചനം അങ്ങോളമിങ്ങോളം പ്രഖ്യാപിക്കുന്നത് ദൈവത്തിന്റെ വിശ്വസ്ത സ്നേഹത്തെയും അവിടുത്തെ നിരന്തര സാന്നിദ്ധ്യത്തേയുമാണ്. നിത്യദൈവവചനമായ യേശുവാണ് ദൈവത്തിന്റെ വിശ്വസ്തമായ നിതാന്ത സാന്നിദ്ധ്യം. യേശു ഇമ്മാനുവൽ ആണ്, അതിന്റെയർത്ഥം തന്നെ "ദൈവം നമ്മോടുകൂടെ" എന്നാ ണല്ലോ. തന്റെ ജനത്തിന് ഒരു സന്ദേശം നൽകുക എന്നു മാത്രമല്ല ദൈവം ആഗ്രഹിച്ചത്. മറിച്ച് അവിടുത്തെ വചനത്തെത്തന്നെയാണ്, അവിടുന്ന് നമുക്കായി നൽകിയത്. നമുക്ക് നഷ്ടപ്പെട്ട ആനന്ദവും പ്രത്യാശയും അവിടുന്ന് പുന:സ്ഥാപിച്ചു.

ദൈവവചനമായ, അവിടുത്തെ നിരന്തര സാന്നിദ്ധ്യമായ, യേശുവിനെ നമ്മുടെ ജീവിതത്തിലേക്ക് ക്ഷണിക്കാം. നമ്മുടെ ഹൃദയങ്ങളിലും സമൂഹത്തിലും അങ്ങ് "കൂടെ വസിക്കണമേ" എന്ന് യാചിക്കാം.